# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **4644** — 28/06/2013 - ലെ മറുപടിയ്ക്ക്

## കേരള കർഷക കടാശ്വാസ കമ്മീഷൻ

## തീർപ്പാക്കിയ അപേക്ഷകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.ദാസൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | കേരള കർഷക കടാശ്വാസ കമ്മീഷനിൽ സമർപ്പിച്ച എത്ര അപേക്ഷകൾ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ തീർപ്പാകാതെ കിടപ്പുണ്ടായിരുന്നു ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരള കർഷക കടാശ്വാസ കമ്മീഷനിൽ 2,39,142 അപേക്ഷകൾ തീർപ്പാക്കാനുണ്ടായിരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിൽ എത്രയെണ്ണം തീർപ്പാക്കി; തീർപ്പാക്കിയവയിൽ എല്ലാവർക്കും ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടോ ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1,62,096 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. തീർപ്പാക്കിയ അപേക്ഷകളിൽ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള കടാശ്വാസതുക ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക് നൽകുന്നതിനായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിച്ചു വരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നാളിതുവരെ എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട് ; | (സി) | (പട്ടിക താഴെ) |

| ജില്ല | ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | 0 |
| ആലപ്പുഴ | 2 |
| പത്തനംതിട്ട | 1 |
| കോട്ടയം | 0 |
| ഇടുക്കി | 0 |
| എറണാകുളം | 0 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 5 |
| മലപ്പുറം | 0 |
| കോഴിക്കോട് | 1 |
| വയനാട് | 25 |
| കണ്ണൂർ | 6 |
| കാസർഗോഡ് | 3 |
| ആകെ | 47 |

| | | | |
|---|---|---|---|
| (ഡി) | ആത്മഹത്യ ചെയ്ത കർഷകർ ആത്മഹത്യ ചെയ്യാനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ? | (ഡി) | ഉണ്ട്. വിവിധ കാരണങ്ങളാലുള്ള കൃഷിനാശം, വിളകളുടെ വിലയിടിവ്, വിവിധ ആവശ്യങ്ങൾക്കെടുത്ത വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാത്തതു മൂലമുള്ള കടബാധ്യത എന്നിവ കർഷകരുടെ ആത്മഹത്യയ്ക്ക് കാരണമായതായി മനസ്സിലാക്കുന്നു. |

സെക്ഷൻ ഓഫീസർ